# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . *73 30.01.2019 ൽ മറുപടിയ്ക്ക്

## വനം കയ്യേറ്റം തടയുവാൻ നടപടി

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. പി.ടി. തോമസ് | | മറുപടി<br>അഡ്വ .കെ.രാജു<br>വനവും മൃഗസംരക്ഷണവും മൃഗശാലകളും<br>വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷിഭൂമിയായും പരിവർത്തനം ചെയ്തത് പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചുവെന്ന ആക്ഷേപം വസ്തുതാ-പരമാണോയെന്ന് പരിശോധി ച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ടി ആക്ഷേപം വസ്തുതാപരമാണ്. സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷി-ഭൂമിയായും പരിവർത്തനം ചെയ്തതുവഴി വനത്തിൻറെ ആവാസവ്യവസ്ഥയ്ക്ക് ക്ഷതം സംഭവിക്കുകയും ജൈവ വൈവിധ്യശോഷണം ഉണ്ടാവുകയും മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരുകയും ജലാഗിരണശേഷി കുറയുകയും മണ്ണൊലിപ്പിനും ഉരുൾപൊട്ടലിനും കാരണമാവുകയും പ്രാദേശികമായ കാലാവസ്ഥ വ്യതിയാനത്തിനുവരെയും കാരണമാവുകയും ചെയ്തിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ്, ഗ്രാസിം ഇൻഡസ്ട്രീസ് തുടങ്ങിയ വ്യാവസായിക സ്ഥാപനങ്ങളുടെ ആവശ്യത്തിലേയ്ക്കായി യൂക്കാലിപ് റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വേഗത്തിൽ വളരുന്ന വിദേശീയ വൃക്ഷങ്ങളുടെ ഏകവിളത്തോട്ടങ്ങൾ വച്ചു പിടിപ്പിച്ചത് പരിസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള യൂക്കാലിപ് റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നിവയുടെ ഏകവിളത്തോട്ടങ്ങൾ 25,000 |

| | | | |
|---|---|---|---|
| | | | ഹെക്ടറോളം നിലവിലുണ്ട്. വനങ്ങൾ വെട്ടിത്തെളിച്ച് കൃഷിഭൂമിയായി പരിവർത്തനം ചെയ്തതിൽ വച്ച് വനവിസ്തൃതി കുറയുകയും മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷം വർദ്ധിക്കുകയും ഉണ്ടായി. എന്നാൽ, 1980 ലെ കേന്ദ്രവന (സംരക്ഷണ) നിയമം നിലവിൽ വന്നതിനെ തുടർന്ന് സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് തോട്ടങ്ങളായും കൃഷിഭൂമിയായും പരിവർത്തനം ചെയ്യുന്നത് നിലവിലില്ലാത്തതാണ്. അപൂർവ്വമായി സംഭവിക്കുന്ന പുതിയതായ വനം കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ ഒഴിപ്പിച്ച് കർശനമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |
| (ബി) | ഇപ്രകാരം തോട്ടങ്ങളാക്കി മാറ്റിയ പ്രദേശങ്ങളിൽ, സംസ്ഥാനത്തെ വനങ്ങളിൽ സ്വാഭാവികമായി കാണുന്ന വൃക്ഷങ്ങൾ വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഏകവിള തോട്ടങ്ങളാക്കി മാറ്റിയ പ്രദേശങ്ങളിൽ സംസ്ഥാനത്തെ വനങ്ങളിൽ സ്വാഭാവികമായി കാണുന്ന വൃക്ഷങ്ങൾ വളർത്തിയെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ് റ്റസ് എന്നീ വിദേശീയ വൃക്ഷങ്ങളുള്ള തോട്ടങ്ങൾ മുറിച്ചുമാറ്റുമ്പോൾ തിരഞ്ഞെടുത്ത വനപ്രദേശങ്ങളിൽ തദ്ദേശീയ ഫല-ഔഷധ- വിവിധയിനം വൃക്ഷ ങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്ന 2012-13 ൽ തുടങ്ങിയ പദ്ധതിയാണ് 'വനദീപ്തി' ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പരിമിതികൾ മറികടക്കാനായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശ |

| | | | |
|---|---|---|---|
| | | | വാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെൻററാക്കി മാറ്റുക എന്നിവയാണ് 'വനദീപ്തി' പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. കൂടാതെ, യൂക്കാലിപ് റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശീയ വൃക്ഷങ്ങളുടെ നടീൽ തുടരേണ്ടതില്ലെന്ന് വനം വകുപ്പ് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൽ, വാറ്റിൽ തോട്ടങ്ങൾ മൂന്നാർ, ദേവികുളം മേഖലയിലാണ്. 1993 മുതൽ ടി വാറ്റിലിന്റെ നടീൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. ടി വാറ്റിൽ തോട്ടങ്ങൾ വെട്ടി മാറ്റി ടി പ്രദേശങ്ങളെ പ്രകൃത്യാലുള്ള പുൽമേട്-ഷോല ഇക്കോസിസ്റ്റത്തിലേയ്ക്ക് തിരിച്ച് കൊണ്ടു വരുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. 2018 വർഷം മുതൽ കേരളത്തിലെ വനങ്ങളിൽ അക്കേഷ്യ ഓറിക്കുലിഫോമിസിൻറെയും, അക്കേഷ്യ മാഞ്ചിയത്തിൻറെയും നടീൽ അവസാനിപ്പി ച്ചിട്ടുള്ളതാണ്. 2019 വർഷം മുതൽ യൂക്കാലിപ് റ്റസിൻറെ നടീലും കേരള വനങ്ങളിൽ ചെയ്യുന്നതല്ലെന്ന് തീരുമാനം എടുത്തിട്ടുള്ളതാണ്. ഓറിക്കുലിഫോമിസ്, മാഞ്ചിയം, യൂക്കാലിപ് റ്റസ് തോട്ടങ്ങൾ വെട്ടുന്ന മുറയ്ക്ക് തദ്ദേശീയ വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളതാണ്. 2025 വർഷത്തോടുകൂടി കേരള വനത്തിൽ നിന്നും അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളെ ഇല്ലാതാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2038 വർഷത്തോടുകൂടി യൂക്കാലിപ് റ്റസ് തോട്ടങ്ങളും ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | വനം കയ്യേറ്റം കർശനമായി തടയുന്നതിനും വനാതിർത്തിയിൽ സ്ഥിരമായ വഴി അടയാളങ്ങൾ സ്ഥാപിച്ച് വേർതിരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും, നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപണികൾ നടത്തിയും, നിരന്തരമായി അതിർത്തി പരിശോധനാ, പട്രോളിംഗ് എന്നിവ നടത്തിയും, കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു. 2016-17 -ൽ 12,500 ജണ്ടകളും 2017-18 ൽ 14,416 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. 01.04.2018 ൽ ഇപ്രകാരം ജണ്ടകൾ നിർമ്മിച്ച് വേർതിരിക്കുവാനുള്ള വനാതിർത്തിയുടെ നീളം ഉദ്ദേശം 2013 കി.മീ. ആണെന്ന് (ഉദ്ദേശം 45,060 ജണ്ടകൾ) തിട്ടപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15,000 ജണ്ടകൾ നിർമ്മിച്ച് ഏകദേശം 700 കി.മീ വനാതിർത്തികൾ കൂടി വേർതിരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം നടന്നു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ